I ഇ.ബി. XV - കേരള നിയമസഭ/XI-9

# പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2024 ജൂൺ 26, ബുധൻ</u>

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I നടപടികൾ നിർത്തിവച്ചുള്ള ഉപക്ഷേപം**

<u>അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ്</u>

<u>മി. സ്പീക്കർ</u>: പച്ചക്കറി, പലവ്യഞ്ജനമടക്കമുള്ള അവശ്യ സാധനങ്ങളുടെ വിലവർദ്ധനവുമൂലം ജനജീവിതം ദുസ്സഹമായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ,

മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽമൂലം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഉല്പാദക സംസ്ഥാനങ്ങളെക്കാൾ കുറഞ്ഞ തോതിലാണ് വിലക്കയറ്റം അനുഭവപ്പെടുന്നത്. ശക്തമായ പൊതുവിതരണ സമ്പ്രദായവും സപ്ലൈകോ, കൺസ്യൂമർഫെഡ്, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവയിലൂടെയുള്ള സർക്കാരിന്റെ വിപണി ഇടപെടലും വിലക്കയറ്റം തടഞ്ഞുനിർത്താൻ സഹായിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും പ്രകൃതിക്ഷോഭവും പച്ചക്കറി ലഭ്യതയെ ബാധിക്കുകയും ചിലയിനം പച്ചക്കറികളുടെ താൽക്കാലിക വിലവർദ്ധനവിന് കാരണമാകുകയും ചെയ്തിട്ടുണ്ടെങ്കിലും നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കാര്യമായ മാറ്റമുണ്ടായിട്ടില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാർ, ഭക്ഷ്യ-കൃഷി വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ മാസംതോറും യോഗം ചേർന്ന്

ഭക്ഷ്യ-പൊതുവിതരണ കമ്മീഷണർക്ക് നൽകിവരുന്ന റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ: പച്ചക്കറി, പലവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെ അമിതമായ വിലവർദ്ധനവ് കാരണം ജനങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണ്. സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ ഔദ്യോഗിക കണക്കും ഇത് ശരിവയ്ക്കുന്നുണ്ട്. ദേശീയ തലത്തിൽ കഴിഞ്ഞ മാസത്തെ റീട്ടെയിൽ ഇൻഫ്ലേഷൻ പന്ത്രണ്ട് മാസത്തെ താഴ്ന്ന നിരക്കായ 4.83 ശതമാനത്തിലെത്തിയപ്പോൾ കേരളത്തിൽ അത് 5.47 ശതമാനമാണ്. വിലക്കയറ്റം തടയാൻ പൊതുവിപണിയിൽ ഇടപെടേണ്ട സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയവ നിർജ്ജീവാവസ്ഥയിലാണ്. ഈ സാമ്പത്തിക വർഷത്തെ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്ക് സപ്ലൈകോയ്ക്ക് നീക്കിവച്ച തുക ഇതുവരെ നൽകിയിട്ടില്ല. സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ അവശ്യസാധനങ്ങൾ ലഭ്യമല്ലെന്ന നിരവധി മാധ്യമ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. കുടിശ്ശിക നൽകാത്തതിനാൽ സപ്ലൈകോയുമായി കരാറുകാർ സഹകരിക്കുന്നില്ല. സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം അനുവദിച്ചിട്ടില്ല. ജനങ്ങളുടെ പർച്ചേസിംഗ് പവർ വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നടപടിയും സർക്കാർ

സ്വീകരിക്കുന്നില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. ജി. ആർ. അനിൽ</u>: പച്ചക്കറിയുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗംചേർന്ന് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങളും വിവേചനപരമായ നിലപാടും പ്രതിസന്ധിയിലാക്കുമ്പോഴും സംസ്ഥാന സർക്കാർ ഫലപ്രദമായ വിപണിയിടപെടലാണ് നടത്തുന്നത്. പ്രതിവർഷം ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനായി സംസ്ഥാനം 914 കോടി രൂപ ചെലവഴിക്കുമ്പോൾ 96 കോടി രൂപമാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. സംസ്ഥാനത്തെ 83% കുടുംബങ്ങളും ഭക്ഷ്യധാന്യങ്ങൾക്കായി പൊതുവിതരണ കേന്ദ്രങ്ങളെയാണ് ആശ്രയിക്കുന്നത്. 2022-23 വർഷത്തിൽ സപ്ലൈകോ മുഖേന 5302.48 കോടി രൂപയുടെ വിൽപ്പന നടത്തിയത് വിപണിയിടപെടലിന് തെളിവാണ്. വിലക്കയറ്റം ഒഴിവാക്കുന്നതിന് കേന്ദ്ര നയങ്ങൾ തിരുത്തുന്നതിനുള്ള ശക്തമായ ഇടപെടൽ ആവശ്യമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പൊതുവിതരണ മേഖലയ്ക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക അനുവദിക്കാറുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): അട്ടപ്പാടിയിലും വടകരപ്പതിയിലും ഉല്പാദിപ്പിക്കുന്ന തക്കാളി മികച്ച വില നൽകി സംഭരിച്ച് വിലക്കയറ്റം കൂടുതലായി അനുഭവപ്പെടുന്ന ജില്ലകളിൽ വിതരണം ചെയ്യുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന പച്ചക്കറികൾ നേരിട്ട് സംഭരിച്ച് വിപണനം നടത്താനുമുള്ള പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ട്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### വന്യമൃഗശല്യംമൂലമുള്ള കൃശിനാശത്തിന് നഷ്ടപരിഹാരം

ശ്രീ. പി. എസ്. സുപാൽ: വന്യജീവികളുടെ ആക്രമണഭീതി മൂലം ജനങ്ങൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇവയുടെ ആക്രമണം തടയുന്നതിനായി കിടങ്ങുകൾ, ഫെൻസിംഗ് എന്നിവ സ്ഥാപിക്കാനും ആർ.ആർ.ടി. സംവിധാനം ശക്തിപ്പെടുത്താനും ശാസ്ത്രീയമാർഗ്ഗങ്ങളുപയോഗിച്ച് വന്യജീവികളെ തുരത്താനും അപകടകാരികളായ മൃഗങ്ങളെ കൊല്ലാനും നടപടി സ്വീകരിക്കണം. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് ഭേദഗതി ചെയ്യാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയും വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും വേണം. വനാശ്രിത സമൂഹത്തിന് വനത്തിനുള്ളിൽ പരമാവധി തൊഴിലവസരങ്ങൾ ഉറപ്പുവരുത്തണം. വന്യമൃഗാക്രമണത്തിൽ നിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഏർപ്പെടുത്തണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യമൃഗ സാന്നിദ്ധ്യം മുൻകൂറായി ജനങ്ങളെ അറിയിക്കുന്നതിന് 'ഏർലി വാണിംഗ്

സിസ്റ്റം' നടപ്പാക്കിയിട്ടുണ്ട്. കാട്ടുപന്നികളെ ഉപാധികളില്ലാതെ വെടിവയ്ക്കുന്നതിനുള്ള ഉത്തരവ് നൽകുകയും അതിനുള്ള പരിശീലനം നൽകുന്നത് സ്റ്റേ ചെയ്ത കോടതി ഉത്തരവ് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നിലവിൽ 28 ആർ.ആർ.ടി.-കളും സ്പെഷ്യൽ ടീമുകളും കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിലെ ഇരുളം, പാമ്പ്ര, ചേലക്കൊല്ലി വനഭാഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ച് സ്മാർട്ട് ഫെൻസിംഗിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സാമ്പത്തികവർഷം 34 ലക്ഷം രൂപ മാത്രമാണ് വന്യജീവി ആക്രമണത്തിന് ഇരയായവർക്ക് കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നത്. സംസ്ഥാനത്തെ വന്യജീവി ആക്രമണം സ്പെസിഫൈഡ് ദുരന്തമായി പ്രഖ്യാപിച്ചതോടെ നഷ്ടപരിഹാരം കാലതാമസം കൂടാതെ നൽകാൻ കഴിയുന്നുണ്ട്. നഷ്ടപരിഹാര നിരക്കുകളിൽ വർദ്ധനവ് വരുത്തണമെന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വനാശ്രിത സമൂഹത്തിന്റെ സംഘങ്ങൾവഴി വനവിഭവങ്ങൾ ശേഖരിച്ച് വില്പന നടത്തുന്നുണ്ട്. വനം വകുപ്പ്

ഐഡന്റിഫൈ ചെയ്തിട്ടുള്ള 91 ഇക്കോ ടൂറിസം സെന്ററുകളിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. വന്യജീവി സംരക്ഷണ നിയമം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രമേയത്തിന്മേൽ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. മുഖ്യമന്ത്രി കേന്ദ്രസർക്കാരുമായി നടത്തുന്ന ചർച്ചയിൽ വന്യജീവി സംരക്ഷണ നിയമം പരിഷ്കരിക്കുന്ന കാര്യവും വന്യമൃഗശല്യം സംബന്ധിച്ച പ്രശ്നങ്ങളും ഉന്നയിക്കുന്നതോടൊപ്പം കേരളത്തിൽനിന്നുള്ള എം.പി.-മാർ മുഖാന്തരം ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ശ്രമിക്കുന്നതാണ്.

(2) കോട്ടയം നഗരത്തിലെ സ്കൈ വാക്ക് പദ്ധതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി രൂപകല്പന ചെയ്ത സ്കൈ വാക്ക് പദ്ധതി മുഖ്യമന്ത്രികൂടി ഇടപെട്ട് അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കിറ്റ്കോയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയുൾപ്പെടെ ഭീമമായ തുക ചെലവാക്കി സ്കൈ വാക്ക്

പദ്ധതി പൂർത്തീകരിച്ചാലും കോട്ടയം നഗരത്തിലെ റോഡിൽ തുടർവികസനങ്ങൾ വരുന്ന സാഹചര്യത്തിൽ പൊളിച്ചുമാറ്റേണ്ടിവരും. ആയതിനാൽ കോട്ടയം നഗരത്തിൽ സ്കൈ വാക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടരുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

## III സബ്മിഷൻ

### (1) സഫീർ, ഷുഹൈബ് എന്നിവരുടെ മോചനം

ശ്രീ. മഞ്ഞളാംകുഴി അലി: തായ്‌ലാന്റ്-മ്യാൻമർ അതിർത്തിയിൽ സായുധ സംഘത്തിന്റെ തടവിൽ കഴിയുന്ന സഫീറിന്റെയും ഷുഹൈബിന്റെയും മോചനത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഓൺലൈൻ വിസാ തട്ടിപ്പിനിരയായി അബുദാബിയിൽനിന്നും തായ്‌ലാന്റ്-മ്യാൻമർ അതിർത്തിയിലെത്തി സായുധ സംഘങ്ങളുടെ തടവിൽകഴിയുന്ന സഫീറിന്റെയും ഷുഹൈബിന്റെയും മോചനത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബാങ്കോക്കിലെ ഇന്ത്യൻ അംബാസിഡറുമായും വിദേശകാര്യ മന്ത്രാലയവുമായും ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഇവരെ വിദേശത്തെത്തിച്ച ഏജന്റുമാർക്കെതിരെ നിയമനടപടി സ്വീകരിക്കാനും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും

സംസ്ഥാന പോലീസ് മേധാവി, എൻ.ആർ.ഐ. സെൽ എസ്.പി. എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) <u>ശക്തൻ തമ്പുരാൻ പ്രതിമയുടെ പുനരുദ്ധാരണം</u>

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: ബസ്സിടിച്ച് തകർന്ന ശക്തൻ തമ്പുരാൻ പ്രതിമ കെ.എസ്.ആർ.ടി.സി.-യുടെ സാങ്കേതിക സാമ്പത്തിക സഹായത്തോടെ പുനഃസ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): ഡ്രൈവറുടെ തെറ്റുകൊണ്ട് തകർന്ന ശക്തൻ തമ്പുരാൻ പ്രതിമ പുനഃസ്ഥാപിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതിമയുടെ പ്രൊപ്പറൈറ്ററി റൈറ്റുള്ള ശില്പിക്ക് വർക്ക് ഓർഡർ കൊടുക്കുകയും കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ ഈ പ്രതിമ ശില്പിയുടെ സ്റ്റുഡിയോയിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് പ്രതിമയുടെ പണി പൂർത്തിയാക്കി പുനഃസ്ഥാപിക്കുന്നതാണ്.

(3) <u>കോടതി ഫീസ് വർദ്ധനവ്</u>

<u>ശ്രീമതി കെ. കെ. രമ</u>: കോടതി ഫീസുകളിൽ വരുത്തിയ വർദ്ധനവ് പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കോടതി ഫീസ് പരിഷ്കരണത്തെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരള ഫിനാൻസ് ബിൽ 2024 പ്രസിദ്ധീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ 1-4-2024 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. കുടുംബ കോടതിയിൽ ഫയൽ ചെയ്യുന്ന വസ്തു സംബന്ധമായ അവകാശവാദം ഉന്നയിച്ചുകൊണ്ടുള്ള കേസുകൾക്കും ചെക്ക് കേസ്സുകൾക്കുമാണ് ഫീസ് വർദ്ധിപ്പിച്ചിട്ടുള്ളത്. കുടുംബകോടതികളിൽ ഫയൽ ചെയ്യുന്ന മറ്റ് കേസ്സുകൾക്കൊന്നും കോടതി ഫീസ് വർദ്ധിപ്പിച്ചിട്ടില്ല.

(4) കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ പരിശീലനം

ശ്രീ. ഐ. ബി. സതീഷ്: പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കരകൗശലമേഖലയിൽ സ്ഥാപിതമായിട്ടുള്ള സൂക്ഷ്മ സംരംഭങ്ങൾക്കും രജിസ്ട്രേഷനുള്ള യൂണിറ്റുകൾക്കും ആശ പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നുണ്ട്. ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം പരമ്പരാഗത മരപ്പണിക്കാർക്ക് വിവിധതരം ടൂൾ കിറ്റുകൾ

വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലും കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ചതോടൊപ്പം ആർട്ടിസാൻ ഉല്പന്നങ്ങളുടെ ഷോപ്പിംഗ് സെന്ററിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും പരമ്പരാഗത സ്വർണ്ണത്തൊഴിലാളികൾക്ക് ഗോൾഡ് അപ്രൈസൽ ട്രെയിനിംഗിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതോടൊപ്പം പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കുന്നതിനുമുള്ള പരിശീലനം നൽകാൻ ഡിസൈൻ ആൻഡ് ടെക്നോളജി വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും ടൂൾ കിറ്റുകൾ സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്. മുള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് ബാംബൂ മിഷൻ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കുന്നവർക്കാവശ്യമായ തൊഴിൽഉപകരണങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. പ്രാഥമിക കരകൗശല വ്യവസായ സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ആറ് വില്പന കേന്ദ്രങ്ങൾ സുരഭി നടത്തുന്നുണ്ട്. പി.എം. വിശ്വകർമ്മ പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക നോഡൽ ഓഫീസറെ നിയമിക്കുന്നതാണ്.

(5) മാരിയിൽക്കലുങ്ക് പാലം നിർമ്മാണം

ശ്രീ. പി. ജെ. ജോസഫ്: തൊടുപുഴ മാരിയിൽക്കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റവന്യൂ വകുപ്പ് ഏറ്റെടുത്ത് ലഭ്യമാക്കിയ സ്ഥലത്ത് അപ്രോച്ച് റോഡ് നിർമ്മിക്കാനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന്മേൽ ധനകാര്യ വകുപ്പിന്റെ പരിശോധന വേഗത്തിലാക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താനും അപ്രോച്ച് റോഡിന്റെ നിർമ്മാണം വേഗത്തിലാക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(6) പെരുവ-പിറവം-പെരുവാമൂഴി റോഡ് നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: പെരുവ-പിറവം-പെരുവാമൂഴി റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പെരുവ-പെരുവാമൂഴി റോഡ് ഉൾപ്പെടുന്ന കുമരകം-നെടുമ്പാശ്ശേരി റോഡ് നിർമ്മാണത്തിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

പദ്ധതിയിൽനിന്നും 97.88 കോടി രൂപയുടെ കരാർ നൽകുകയും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി റീ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മൺസൂൺ സമയത്തെ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കാനായി റോഡ് നവീകരണത്തിന് 25 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും എത്രയുംവേഗം പൂർത്തീകരിക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(7) <u>പെരുമ്പാവൂരിലെ റോഡുകൾ ടാർ ചെയ്യുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> പെരുമ്പാവൂരിലെ തകർന്ന റോഡുകൾ ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി <u>(ശ്രീ. പി. എ. മുഹമ്മദ് റിയാസ്):</u> പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വെങ്ങോല ഗ്രാമപഞ്ചായത്തിൽ റണ്ണിംഗ് കോൺട്രാക്ടിലൂടെ പരിപാലിക്കുന്ന നാല് റോഡുകളുടെ വേയ്സ്, സബ് വേയ്സ് എന്നിവ തകർന്നുകിടക്കുന്ന സാഹചര്യത്തിൽ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി പരിപാലിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## (8) കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. പി. മോഹനൻ: കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കി അസിസ്റ്റന്റ് സർജൻ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കൂത്തുപറമ്പ് താലൂക്ക് ആശുപത്രിക്കായി നിർമ്മിക്കുന്ന 12 നിലകളിലുള്ള കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികളുടെ 70 ശതമാനം പൂർത്തീകരിക്കുകയും ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എൻ.എച്ച്.എം.-ന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 57.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഉപകരണങ്ങൾ വിതരണം ചെയ്തുവരികയുമാണ്. എൻ.എച്ച്.എം. മുഖേന രണ്ട് അസിസ്റ്റന്റ് സർജൻമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലിൽ കൂത്തുപറമ്പ് താലൂക്കാശുപത്രിയും

ഉൾപ്പെട്ടിട്ടുണ്ട്. ആശുപത്രി പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള എല്ലാ നടപടിയും സ്വീകരിച്ചുവരികയാണ്.

(9) വർക്കല ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം

ശ്രീ. വി. ജോയി: വർക്കല ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന വർക്കല ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന് 58.47 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽനിന്നും 34.26 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ ഡിസൈനിംഗിൽ പോരായ്മകൾ കണ്ടെത്തിയതിനെത്തുടർന്ന് കിഡ്കോയ്ക്ക് കിഫ്ബി സ്റ്റോപ് മെമ്മോ നൽകുകയും അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്.പി.വി. ആയി സ്പോർട്ട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഡോക്യുമെന്റുകൾ കൈമാറുകയും ചെയ്തിട്ടുണ്ട്. മുൻകരാറുകാരനെ ഒഴിവാക്കിക്കൊണ്ടുള്ള എഗ്രിമെന്റ് കിഡ്കോ ലഭ്യമാക്കുന്നമുറയ്ക്ക് സ്റ്റേഡിയത്തിന്റെ ശേഷിക്കുന്ന

പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## IV റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയെട്ട് മുതൽ അറുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകളും സമർപ്പിച്ചു.

## V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VI വ്യക്തിപരമായ വിശദീകരണം

അപകീർത്തികരമായ പരാമർശം

ശ്രീമതി കെ. കെ. രമ: ലോക്സഭ തിരഞ്ഞെടുപ്പിനുശേഷം വടകരയിൽ നടന്ന ഒരു പരിപാടിയിൽ ഞാൻ കൈകൊട്ടി ചിരിച്ചതായി 12.06.24-ന് നടന്ന ധനാഭ്യർത്ഥന ചർച്ചയിൽ കൊയിലാണ്ടി അംഗം ആരോപിക്കുകയുണ്ടായി. അസുഖം കാരണം സ്ഥലത്തില്ലാതിരുന്ന ഞാൻ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തിരുന്നില്ല. എന്റെ സദ്സ്വഭാവത്തെ ചോദ്യം ചെയ്യുന്ന ഈ ആരോപണം ഒരു പൊതുപ്രവർത്തകയെന്ന

നിലയിലും വടകരയിൽനിന്നുള്ള വനിതാ നിയമസഭാംഗമെന്ന നിലയിലും എനിക്ക് അപകീർത്തികരമാണ്. പ്രസ്തുത ആരോപണം ചട്ടം 307 പ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്യണം.

## VII ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

### നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട്

ശ്രീ. എം. വിജിൻ: " നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തിയ NEET, NET പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ ഞെട്ടിപ്പിക്കുന്ന ക്രമക്കേടുകൾ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളും തകർത്ത ഗുരുതരമായ സാഹചര്യം സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വിജിൻ: നീറ്റ്, നെറ്റ് പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും NTA-യുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. പരീക്ഷയുമായി ബന്ധപ്പെട്ട് പുറത്തുവന്ന അഴിമതിക്കഥകളും ഉന്നതങ്ങളിലെ മാഫിയ ബന്ധവും പൊതുസമൂഹത്തെ ഞെട്ടിപ്പിക്കുന്നതാണ്. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുമൂലം പുന:പരീക്ഷ

നടത്തേണ്ടിവരുന്നത് ഖേദകരമാണ്. പാർലമെന്റ് തിരഞ്ഞെടുപ്പ് ഫലം വന്നദിവസം തന്നെ നീറ്റ് പരീക്ഷാഫലം പ്രഖ്യാപിച്ചത് കേന്ദ്രസർക്കാരിന്റെ ഗൂഢാലോചനയ്ക്ക് തെളിവാണ്. നീറ്റ് പുന:പരീക്ഷ നടത്തി കേന്ദ്രസർക്കാർ പരീക്ഷാ മാഫിയയ്ക്ക് കൂട്ടുനിൽക്കുകയാണ്. രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യ കുത്തകകൾക്ക് തീറെഴുതി കൊടുക്കാനുള്ള കേന്ദ്രസർക്കാർ നയമാണ് പ്രതിസന്ധിക്ക് കാരണം. ഈ ക്രമക്കേടുകൾ സംബന്ധിച്ച് മാധ്യമങ്ങൾ ചർച്ച ചെയ്യാത്തത് അപലപനീയമാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നീറ്റ് പരീക്ഷാ നടത്തിപ്പിന്റെ മറവിൽ വ്യാപക അഴിമതിയും പണമിടപാടും നടന്നിട്ടുണ്ടെന്നത് വസ്തുതയാണ്. കച്ചവടതാൽപ്പര്യം മുൻനിർത്തി പൊതുപരീക്ഷയുടെ വിശ്വാസ്യത തകർത്താണ് ഈ വർഷം നീറ്റ് പരീക്ഷ നടന്നത്. പാർലമെന്റ് തിരഞ്ഞെടുപ്പ് ഫലം വരുന്ന ദിവസം തന്നെ നീറ്റ് പരീക്ഷാഫലം പ്രഖ്യാപിച്ചത് കേന്ദ്രസർക്കാരിന്റെ ഗൂഢാലോചനയാണ്. നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ വിദ്യാഭ്യാസ മേഖലയെ തകർക്കുന്നതാണ്. വിദ്യാഭ്യാസ മേഖലയെ കേന്ദ്രസർക്കാരിന്റെ വരുതിയിൽ നിർത്തുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന് രൂപം നൽകിയിട്ടുള്ളത്. ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ

പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിക്കുന്ന നടപടിയാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇക്കാര്യം ചർച്ച ചെയ്യാൻ കേരളത്തിലെ മാധ്യമങ്ങൾ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്.

ശ്രീ. സജീവ് ജോസഫ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ പൊതുസമൂഹത്തിനുമുന്നിൽ കൊണ്ടുവന്ന പത്രമാധ്യമങ്ങളെ അനുമോദിക്കുന്നു. നീറ്റ്, നെറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ പ്രവേശന പരീക്ഷാ സമ്പ്രദായത്തിന്റെ വിശ്വാസ്യതയും പവിത്രതയും തകർത്തിരിക്കുകയാണ്. ലോക്സഭാ തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപന ദിവസംതന്നെ നീറ്റ് റിസൽട്ട് പ്രഖ്യാപിച്ചത് ദുരൂഹത വർദ്ധിപ്പിക്കുന്നു. 67 വിദ്യാർത്ഥികൾ മുഴുവൻ മാർക്ക് നേടിയതും അതിൽ 6 പേർ ഒരേ കേന്ദ്രത്തിൽ പരീക്ഷയെഴുതിയവരാണെന്നതും 1563 പേർക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ ഗ്രേസ് മാർക്ക് നൽകിയതും പുന:പരീക്ഷ നടത്തിയപ്പോൾ 813 കുട്ടികൾ മാത്രമാണ് പരീക്ഷയെഴുതിയതെന്നതും ആരോപണങ്ങൾ കൂടുതൽ ശക്തമാക്കുന്നു. ആസൂത്രിതമായ പല നീക്കങ്ങളും ഭരണകൂടത്തിന്റെ ഒത്താശയോടെ നടന്നുവെന്ന് അറസ്റ്റിലായവരുടെ കുറ്റസമ്മതമൊഴിയിൽനിന്ന് വ്യക്തമായിട്ടുണ്ട്. നെറ്റ് പരീക്ഷ റദ്ദാക്കിയതിലൂടെ ഉന്നതവിദ്യാഭ്യാസ

മേഖലയിൽ ഒരു പ്രവേശന പരീക്ഷപോലും നടത്താൻ സാധിക്കാത്ത അവസ്ഥയാണ് രാജ്യത്തുള്ളത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മെഡിക്കൽ പ്രവേശന പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളിൽനിന്ന് ലക്ഷങ്ങൾ കൈക്കലാക്കി ഉയർന്ന റാങ്ക് നേടാനുള്ള സഹായം അധികാര കേന്ദ്രങ്ങളുടെ ഒത്താശയോടെ ചെയ്തുകൊടുക്കുന്നത് കോച്ചിംഗ് സെന്ററുകളാണ്. ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം വന്ന ദിവസംതന്നെ നീറ്റ് റിസൽട്ട് പ്രഖ്യാപിച്ചതും 67 വിദ്യാർത്ഥികൾ മുഴുവൻ മാർക്ക് നേടിയതും അതിൽ 6 പേർ ഒരേ കേന്ദ്രത്തിൽ പരീക്ഷയെഴുതിയവരാണെന്നതും 1563 പേർക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ ഗ്രേസ് മാർക്ക് നൽകിയതും പരീക്ഷാ ക്രമക്കേടിലെ ദുരൂഹത വർദ്ധിപ്പിക്കുന്നു. തെറ്റായ ഉത്തരം എഴുതിയവർക്കുപോലും മുഴുവൻ മാർക്ക് കിട്ടിയതായാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്. നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ ഒത്താശയോടെയാണ് ഇത്തരം ക്രമക്കേടുകൾ നടക്കുന്നത്. അനർഹരായ വിദ്യാർത്ഥികൾ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവരുന്നത് ആരോഗ്യരംഗത്ത് വൻ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്. വിദ്യാർത്ഥി സംഘടനകളും അവരെ പിന്തുണയ്ക്കുന്ന ജനവിഭാഗങ്ങളും പ്രക്ഷോഭം നടത്തുമ്പോൾ കേന്ദ്ര ഭരണകർത്താക്കൾ

അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാതെ ഒഴിഞ്ഞുമാറുന്നത് ലജ്ജാകരമാണ്. ഇത്തരം പ്രവേശന പരീക്ഷകൾ ഒറ്റ ഏജൻസിയിൽത്തന്നെ കേന്ദ്രീകരിക്കാതെ ശാസ്ത്രീയമായ മാറ്റം കൊണ്ടുവന്ന് പരീക്ഷ നടത്തിപ്പിന്റെ സുതാര്യത ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണം. രാജ്യത്ത് ശക്തമായ വിദ്യാർത്ഥി പ്രക്ഷോഭം നടക്കുമ്പോഴും ചില മാധ്യമങ്ങൾ അത്തരം വാർത്തകൾ കണ്ടില്ലെന്ന് നടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലേയ്ക്കുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ കടന്നുകയറ്റമാണ് മെഡിക്കൽ പ്രവേശന പരീക്ഷാ ക്രമക്കേടുകൾ സൂചിപ്പിക്കുന്നത്. കേരളത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുക എന്ന ബോധപൂർവമായ ശ്രമത്തിന്റ ഭാഗമായാണ് പരാതികൾക്കിടയില്ലാത്തവിധം നടത്തിയിരിരുന്ന മെഡിക്കൽ പ്രവേശന പരീക്ഷ കേന്ദ്ര സർക്കാർ നിയമിച്ച പ്രത്യേക ഏജൻസിയെക്കൊണ്ട് നടപ്പാക്കിയത്. പ്രവേശന പരീക്ഷകൾ ക്രമമായും കൃത്യമായും നടപ്പാക്കാൻ ഫോറൻസിക് ആൻഡ് ടെക്നിക്കൽ ഓഡിറ്റ് നടപ്പാക്കണം. മെഡിക്കൽ പ്രവേശന പരീക്ഷാ ക്രമക്കേടിന്റെ പ്രധാന കാരണം കോച്ചിംഗ് സെന്ററുകളുടെ അമിതമായ കടന്നുവരവാണ്.

നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ ഈ പ്രശ്നത്തിന് പരിഹാരം കാണണം.

ശ്രീ. തോമസ് കെ. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പി. മോഹനൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നീറ്റ്, നെറ്റ് പരീക്ഷകളുടെ ചോദ്യപേപ്പർ ചോർന്നത് രാജ്യത്തെ ഞെട്ടിച്ച സംഭവമാണ്. നിശ്ചയിച്ച തീയതിക്കുമുമ്പ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് പരീക്ഷാനടത്തിപ്പിലെ ക്രമക്കേട് വിളിച്ചോതുന്നതാണ്. കോച്ചിംഗ് സെന്ററുകളുടെ സാമ്പത്തിക താല്പര്യം മാത്രം തൃപ്തിപ്പെടുത്തുന്ന പരീക്ഷാരീതി വൻ സാമൂഹ്യ പ്രത്യാഘാതങ്ങൾക്കിടയാക്കും. നീറ്റ് പരീക്ഷ റദ്ദാക്കിയ നടപടി സാധാരണക്കാരായ കുട്ടികളുടെ ആത്മവിശ്വാസം തകർത്തിട്ടുണ്ട്. ഭരണകൂടത്തിന്റെ ഒത്താശയോടെ ആസൂത്രിതമായ പല നീക്കങ്ങളും ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് നടന്നുവെന്ന് അറസ്റ്റിലായവരുടെ കുറ്റസമ്മത മൊഴികളിൽനിന്നും വ്യക്തമാണ്. രാജ്യത്തെ പ്രമുഖ കോച്ചിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്ക് പരമാവധി ശിക്ഷ നൽകിക്കൊണ്ട് ദേശീയ പരീക്ഷകളുടെ വിശ്വാസ്യത വീണ്ടെടുക്കണം.

<u>ഡോ. സുജിത് വിജയൻപിള്ള</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നീറ്റ് പരീക്ഷാ ക്രമക്കേടുകൾ സംബന്ധിച്ച വാർത്തകൾ പരീക്ഷാർത്ഥികൾക്കിടയിൽ കടുത്ത ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. വികലമായ പരീക്ഷാ നടത്തിപ്പ് എൻ.ടി.എ.-യുടെ വിശ്വാസ്യത ഇല്ലാതാക്കുകയും 24 ലക്ഷത്തോളം വരുന്ന കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കുകയും ചെയ്തിരിക്കുകയാണ്. ചോദ്യപേപ്പർ ചോർച്ചയെ തുടർന്ന് നെറ്റ് പരീക്ഷ റദ്ദ് ചെയ്യുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. കേന്ദ്ര ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കുകയും പരീക്ഷ ക്രമക്കേട് സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുകയും വേണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കുറ്റമറ്റ രീതിയിൽ പൊതുപ്രവേശന പരീക്ഷപോലും നടത്താനാകാത്ത കേന്ദ്ര സർക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്ത് തികഞ്ഞ പരാജയമാണ്. എൻ.ടി.എ.-യുടെ പരീക്ഷാ പിഴവുകളും അഴിമതിയും ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കിയിരിക്കുകയാണ്. രാജ്യത്തിന്റെ അക്കാദമിക് കലണ്ടറിനെ തകിടം മറിക്കുന്ന പിഴവുകളാണ് സംഭവിച്ചിട്ടുള്ളത്. വിദ്യാർത്ഥികളെ ആശങ്കയുടെ മുൾമുനയിലാക്കുകയും പരാജയത്തിന്റെ പടുകുഴിയിലേയ്ക്ക് വലിച്ചെറിയുകയും ചെയ്യുന്ന രീതിയിൽ

നീറ്റ് പരീക്ഷ മാറിയെന്നത് രാജ്യത്തിനാകെ അപമാനകരമാണ്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട എൻ.ടി.എ.-യുടെ സാങ്കേതികവിദ്യകൾ ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. ചോദ്യപേപ്പർ തയ്യാറാക്കുന്നതിലും രഹസ്യാത്മകത സൂക്ഷിക്കുന്നതിലും പരീക്ഷാ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിലും മൂല്യനിർണ്ണയത്തിലുമെല്ലാം എൻ.റ്റി.എ.-ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. പ്രശ്നങ്ങൾ പരിഹരിച്ചും വിദ്യാർത്ഥികളുടെ ആശങ്കകൾ ദൂരികരിച്ചും എൻ.ടി.എ.-യുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കാൻ കേന്ദ്ര സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണം.

ശ്രീമതി യു. പ്രതിഭ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നീറ്റ്, നെറ്റ് പരീക്ഷാ ക്രമക്കേടിലൂടെ എൻ.ടി.എ.യുടെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം പരീക്ഷകൾ സംസ്ഥാനങ്ങൾ നടത്തുന്നതിനെക്കുറിച്ച് പുനർവിചിന്തനം നടത്തണം. ഇത്തരം ക്രമക്കേടുകൾ എൻട്രൻസ് പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെ മാനസികമായി തകർക്കുന്നതാണ്. ഇതുസംബന്ധിച്ച വാർത്തകൾ കൃത്യമായി പ്രസിദ്ധീകരിക്കുന്നതിൽ മാധ്യമങ്ങൾ നീതി പുലർത്തിയില്ല എന്നത് ഖേദകരമാണ്.

ഡോ. എം. കെ. മുനീർ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നീറ്റ്/നെറ്റ് പരീക്ഷാ ക്രമക്കേടിനെ സംബന്ധിച്ച് ശക്തമായ അന്വേഷണം നടത്തണം. ടൈം ലോസിന്റെ പേരിൽ ഗ്രേസ് മാർക്ക് അനുവദിച്ച് നീറ്റ് പരീക്ഷയുടെ വിശ്വാസ്യത തകർത്തിരിക്കുകയാണ്. എയിംസ്, ജിപ്മർ എന്നിവിടങ്ങളിലെ പ്രവേശന പരീക്ഷ പുതിയ മോണിട്ടറിംഗ് സിസ്റ്റത്തിലൂടെയും മറ്റ് കേന്ദ്രങ്ങളിലെ പരീക്ഷകൾ സംസ്ഥാനങ്ങൾ നടത്തുകയും ചെയ്യുന്ന സമ്പ്രദായം നടപ്പാക്കണം.

ശ്രീ. കെ. വി. സുമേഷ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നീറ്റ് പരീക്ഷാ തട്ടിപ്പിലൂടെ മെരിറ്റ് സീറ്റ് കരസ്ഥമാക്കുക എന്ന ഗുരുതര ക്രമക്കേടാണ് നടന്നിട്ടുള്ളത്. സംസ്ഥാനങ്ങളുടെ ലിസ്റ്റിൽപ്പെടുന്ന വിദ്യാഭ്യാസത്തെ കേന്ദ്രലിസ്റ്റിലേയ്ക്ക് മാറ്റി കച്ചവടവൽക്കരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും കേന്ദ്രഭരണകൂടത്തിന് ഒഴിഞ്ഞുമാറാൻ സാധിക്കില്ല. ഇതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കാൻ ഭരണ-പ്രതിപക്ഷാംഗങ്ങൾ ഒരുമിച്ച് നിൽക്കണം.

ഡോ. മാത്യു കുഴൽനാടൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നീറ്റ് പരീക്ഷാ ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ സമാന നിലയിലുള്ള കാര്യങ്ങൾ സംസ്ഥാനത്ത് നടന്നപ്പോൾ അതിനെ എങ്ങനെ അഡ്രസ് ചെയ്യുവെന്ന്

പരിശോധിക്കപ്പെടണം. സംസ്ഥാനത്ത് പി.എസ്.സി. അടക്കമുള്ള പരീക്ഷകളിൽ ക്രമക്കേട് നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഒരു കുറ്റമറ്റ സംവിധാനം കൊണ്ടുവരണം.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): അഖിലേന്ത്യാ പരീക്ഷകളുടെ നടത്തിപ്പ് ചുമതലയുള്ള കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള എൻ.ടി.എ.-യുടെ ഭാഗത്തുനിന്നുണ്ടായ ഈ തട്ടിപ്പ് അത്യന്തം അപലപനീയമാണ്. ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടയുടൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും വകുപ്പ് സെക്രട്ടറിക്കും കത്തയയ്ക്കുകയുണ്ടായി. അനധികൃത പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ നടന്നതായ വ്യാപക പരാതികളാണ് നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ളത്. കൺസൾട്ടൻസി ഏജൻസികളും കോച്ചിംഗ് സെന്ററുകളും പരീക്ഷാമേൽനോട്ടത്തിന് ചുമതലയുള്ള അധ്യാപകരുമുൾപ്പെടെ നീറ്റ് പരീക്ഷാ തട്ടിപ്പിൽ പങ്കാളികളായിട്ടുണ്ട്. രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ സമൂഹമാധ്യമങ്ങൾ വഴി ചോദ്യപേപ്പർ പ്രത്യക്ഷപ്പെടുകയുണ്ടായി. നീറ്റ് പരീക്ഷ വീണ്ടും നടത്തണമെന്ന കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച ഇടക്കാല വിധിയിൽ 1563 വിദ്യാർത്ഥികൾക്ക്

പുനഃപരീക്ഷ നടത്താനുള്ള സർക്കാർ തീരുമാനം അംഗീകരിക്കുകയുണ്ടായി. പ്രശ്നത്തിന് ശാസ്ത്രീയ പരിഹാരം കാണാൻ എൻ.ടി.എ.ക്കും കേന്ദ്ര സർക്കാരിനും സാധിക്കാത്തത് അപലപനീയമാണ്. മാർക്കിൽ ടൈ ലഭിക്കുന്നപക്ഷം അപേക്ഷകന്റെ ആപ്ലിക്കേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ടൈ ബ്രേക്ക് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. നീറ്റ്-നെറ്റ് ചോദ്യപേപ്പറുകൾ ചോർന്ന സാഹചര്യത്തിൽ  നാല് വർഷത്തെ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യുക്കേഷൻ പ്രോഗ്രാമിലേക്കുള്ള പ്രവേശന പരീക്ഷയും റദ്ദ് ചെയ്യുകയുണ്ടായി. സ്ഥിരജീവനക്കാരുടെ അഭാവംമൂലം പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എൻ.ടി.എ. ഔട്ട് സോഴ്സ് ചെയ്യുകയാണുണ്ടായത്. നെറ്റ് പരീക്ഷയിൽ പ്രാണപ്രതിഷ്ഠയുടെ തീയതിയും രാമായണത്തിലെയും മഹാഭാരതത്തിലെയും അപ്രസക്തമായ ചോദ്യങ്ങളും ഉൾപ്പെടുത്തിയ നടപടി അപലപനീയമാണ്. ബീഹാറിൽ ചില പരീക്ഷാർത്ഥികളുടെ റോൾ നമ്പർ നിലവിലില്ലെന്നും ചില പേരുകളും റോൾ നമ്പറും മാച്ച് ചെയ്യുന്നില്ലെന്നും ഡിജിറ്റൽ ലോക്കർ തുറക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപക തിരിമറികൾ നടത്തിയിട്ടുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. സഭയിൽ അംഗങ്ങൾ പ്രകടിപ്പിച്ച പൊതുവികാരം മുൻനിർത്തി ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കുകയാണ്.

ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): "ദേശീയതലത്തിൽ പ്രവേശന പരീക്ഷകൾക്കായി യൂണിയൻ ഗവൺമെന്റ് ചുമതലപ്പെടുത്തിയ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) ഏറ്റെടുത്ത് നടത്തുന്ന രണ്ട് ദേശീയ പരീക്ഷകളുമായി ബന്ധപ്പെട്ടുണ്ടായ വ്യാപകക്രമക്കേടുകൾ ഞെട്ടിപ്പിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ബിരുദ കോഴ്സുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനുള്ള NEET-UG പരീക്ഷയിലും കോളേജ്, സർവ്വകലാശാല അധ്യാപക നിയമന യോഗ്യതയ്ക്കും ഗവേഷണ സ്കോളർഷിപ്പിനും വേണ്ടിയുള്ള UGC-NET പരീക്ഷയിലുമാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളത്.

ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ മാസങ്ങൾ നീണ്ട കഠിനാദ്ധ്വാനത്തിലൂടെ പഠിച്ച് എഴുതുന്ന NEET പരീക്ഷയിലെ ക്രമക്കേട് വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് തകർത്തത്. വിവിധ ബാച്ചുകളിലായി നടത്തിയ പരീക്ഷകളിൽ സമയനഷ്ടമുണ്ടായത് നികത്തുന്നതിന്റെ ഭാഗമായി അശാസ്ത്രീയമായി ഗ്രേസ് മാർക്ക് നൽകിയതിലൂടെ കുറച്ച് വിദ്യാർത്ഥികൾക്ക് അനർഹമായി മാർക്ക് ലഭിക്കാൻ ഇടയായി. ഹരിയാനയിലെ ഒരു

സെന്ററിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ 720-ൽ 720 മാർക്ക് സ്കോർ ചെയ്യതും പ്രവേശന പരീക്ഷയിൽ അസാധ്യമായ 718, 719 എന്നീ മാർക്കുകൾ നേടാനിടയായതും രാജസ്ഥാൻ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ ചോദ്യപേപ്പർ സമൂഹമാധ്യമങ്ങൾ വഴി ചോർന്നതും അപേക്ഷകരുടെ ആപ്ലിക്കേഷൻ നമ്പറിന്റെ അടിസ്ഥാനത്തിൽ ടൈ ബ്രേക്കിംഗ് രീതി ആവിഷ്കരിച്ചതും പരീക്ഷയുടെ വിശ്വാസ്യതയെത്തന്നെ ചോദ്യം ചെയ്യുന്നതായി. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട കേസിൽ ഗ്രേസ് മാർക്ക് ഒഴിവാക്കുന്നതിന് അവർ ആവശ്യപ്പെട്ടാൽ പുനഃപരീക്ഷ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന് യൂണിയൻ സർക്കാർ ബഹുമാനപ്പെട്ട കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ചോദ്യപേപ്പർ ചോർച്ചയ്ക്ക് തെളിവില്ല എന്ന നിലപാടാണ് യൂണിയൻ വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപിച്ചത്. ഇതിന്റെ പിന്നാലെ NET പരീക്ഷയിലും ക്രമക്കേടുണ്ടായതായി കണ്ടെത്തിയ സാഹചര്യത്തിൽ പരീക്ഷ റദ്ദ് ചെയ്ത് പുനഃപരീക്ഷ നടത്തുന്നതിന് NTA തീരുമാനിച്ചു. ഇതോടൊപ്പം CSIR NET പരീക്ഷയും നീറ്റ് മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷയും നിശ്ചയിച്ച സമയത്ത് നടത്താതെ ക്യാൻസൽ ചെയ്യുകയുണ്ടായി. കഠിനാദ്ധ്വാനം ചെയ്ത് പരീക്ഷയ്ക്ക് തയ്യാറെടുക്കുകയും ദീർഘദൂരം യാത്ര ചെയ്ത്

അന്യസംസ്ഥാനങ്ങളിലെ പരീക്ഷാകേന്ദ്രങ്ങളിലെത്തുകയും ചെയ്ത പരീക്ഷാർത്ഥികൾക്ക് പരീക്ഷ റദ്ദ് ചെയ്ത നടപടി കനത്ത മാനസിക സമ്മർദ്ദവും ധനനഷ്ടവും ഉണ്ടാക്കിയിട്ടുണ്ട്.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി നിർണ്ണയിക്കുന്ന പരീക്ഷകൾ കുറ്റമറ്റരീതിയിൽ, വിശ്വാസ്യതയോടെ നടത്താൻ ചുമതലപ്പെട്ട NTA തങ്ങൾക്കതിന് സാധിക്കില്ല എന്ന് ആവർത്തിച്ച് തെളിയിച്ചു കഴിഞ്ഞു. മുൻപ് സംസ്ഥാന തലത്തിൽ കുറ്റമറ്റ രീതിയിൽ നടത്തിപ്പോന്നിരുന്ന മെഡിക്കൽ പ്രവേശന പരീക്ഷകൾ നിർത്തലാക്കിയാണ് ദേശീയ തലത്തിൽ NEET പരീക്ഷ ഏർപ്പെടുത്തിയത്. കേരളത്തിൽ പരീക്ഷ എഴുതിയ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ആശങ്കയുടെ മുൾമുനയിൽ നിർത്തുന്നതും കുട്ടികളുടെ ഭാവിയെ അനിശ്ചിതത്വത്തിലാക്കുകയും ചെയ്യുന്ന NTA-യുടെ നടപടികളെയും അതിനെ പിന്തുണയ്ക്കുന്ന യൂണിയൻ ഗവൺമെന്റിന്റെ നയങ്ങളെയും സഭ ശക്തമായി അപലപിക്കുന്നു. അതോടൊപ്പം മെഡിക്കൽ പ്രവേശനത്തിനായി കാത്തിരിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും ഭീതിയും ഉത്കണ്ഠയും ദൂരീകരിക്കുന്നതിന് അടിയന്തരവും വിശ്വാസയോഗ്യവുമായ നടപടികൾ സ്വീകരിക്കണമെന്നും

യൂണിയൻ ഗവൺമെന്റിനോട് സഭ ആവശ്യപ്പെടുന്നു." എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## VIII ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം (1,63,46,95,15,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും (8,26,50,74,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി

(22,68,29,67,000 രൂപ)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ഡോ. കെ. ടി. ജലീൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ വർഷം മുതൽ ഡിഗ്രി പഠനം നാലുവർഷ കോഴ്സാകുന്നതോടെ അതിന്റെ ഘടനയും സിലബസും മാറുകയാണ്. ഡിഗ്രി സിലബസ് സംബന്ധിച്ച യു.ജി.സി. നിർദ്ദേശം കേരളത്തിൽ പ്രായോഗികമാണോ എന്ന് പരിശോധിക്കണം. 4 വർഷ ഓണേഴ്സ് ഡിഗ്രി എടുക്കുന്നവർക്ക് പോസ്റ്റ് ഗ്രാജ്വേഷൻ ഒരു വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുന്നരീതി കേരളത്തിൽ നടപ്പിലാക്കണം. ഒന്നു

മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികൾക്ക് പൊതുവിദ്യാലയങ്ങളിൽ പഠിക്കാനുള്ള സൗകര്യമൊരുക്കുകയും അവരുടെ സിലബസ്സിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും വേണം. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ പരിഷ്കരിക്കുന്നതിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. ഹയർ സെക്കണ്ടറി സംവിധാനം വന്നതുമുതൽ മലപ്പുറത്ത് പ്ലസ് വൺ സീറ്റിന്റെ പ്രശ്നം നിലനിൽക്കുന്നതിനാൽ അവിടത്തെ ഇരുപതോളം ഗവൺമെന്റ് ഹൈസ്കൂളുകളെ പ്ലസ് ടു സ്കൂളുകളാക്കി ഉയർത്തുന്നതിനും പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. രണ്ടുവർഷ ഐ.ടി.ഐ. പഠനം പൂർത്തിയാക്കിയാൽ ലാറ്ററൽ എൻട്രിയിലൂടെ പോളിടെക്നിക്കിൽ പ്രവേശനം ലഭിക്കാനും തുടർന്ന് ഡിപ്ലോമയും എഞ്ചിനീയറിംഗും പഠിക്കാനും സാധിക്കുന്ന സംവിധാനം ഈ സർക്കാർ കൊണ്ടുവന്നത് സ്വാഗതാർഹമാണ്.

ശ്രീ. മാണി സി. കാപ്പൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പാലായിൽ ഭക്ഷ്യവിളകളുടെ സംഭരണ-സംസ്കരണശാലയും ഫുഡ് പാർക്കും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മികച്ച വിദ്യാഭ്യാസവും തൊഴിലും തേടി യുവജനങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്ക് കൂട്ടപലായനം

ചെയ്യുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി ബി.എസ്‌സി. നഴ്സിംഗ് സീറ്റുകൾ 10% വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വാല്യൂ ആഡഡ് മിഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കുട്ടികൾക്കുള്ള ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് പ്രധാനാധ്യാപകർക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കൃത്യമായ നികുതി പിരിവിലൂടെ അടിസ്ഥാനസൗകര്യ വികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ വൺ നാഷൻ വൺ ടെസ്റ്റ് എന്ന രീതിയിൽ എല്ലാ ടെസ്റ്റുകളും നാഷണൽ ടെസ്റ്റിംഗ് ഏജൻസിയെ ഏല്പിച്ചുകൊണ്ട് രാജ്യവ്യാപകമായി നടത്തിയ അഴിമതിയെ അപലപിക്കുന്നു. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് മത്സര പരീക്ഷയിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. ഡാർക്ക് നെറ്റിൽ അയ്യായിരം മുതൽ അമ്പത് ലക്ഷം വരെ ചോദ്യപേപ്പറുകൾ വിതരണം ചെയ്തത് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മാനസിക പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ മേഖല വലിയ പരിവർത്തനത്തിന്റെ പാതയിലാണ്.

സംസ്ഥാനത്തെ എട്ട് സർവ്വകലാശാലകളും 359 കോളേജുകളും നാക് അക്രെഡിറ്റേഷനും കേരള യൂണിവേഴ്സിറ്റിയും എം.ജി. യൂണിവേഴ്സിറ്റിയും എ പ്ലസ് പ്ലസ്-ഉം കാലിക്കറ്റ്, കൊച്ചിൻ, ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റികൾ എ പ്ലസ്-ഉം കരസ്ഥമാക്കിയത് ദേശീയതലത്തിൽ അഭിമാനകരമാണ്. ക്വാളിറ്റി വർദ്ധിപ്പിച്ചുകൊണ്ട് വിജ്ഞാന സമൂഹത്തെ കെട്ടിപ്പടുക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി നാലുവർഷ ബിരുദ പഠനം കേരളത്തിന്റേതായ രീതിയിൽ നടപ്പിലാക്കുമ്പോൾ ഓപ്ഷണൽ കോഴ്സുകൾ അതേ ഡിപ്പാർട്ടുമെന്റിൽനിന്ന് തെരഞ്ഞെടുക്കാനുള്ള അവകാശം കൂടി നൽകണം. സംസ്ഥാനത്ത് നൽകിവരുന്ന നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, പ്രതിഭാ സ്കോളർഷിപ്പ്, ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ തുടരുന്നതിനുള്ള നടപടിയുണ്ടാകണം. വിദ്യാഭ്യാസ മേഖല കച്ചവടവൽക്കരിക്കപ്പെടുകയും സ്വകാര്യവൽക്കരിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം മനസ്സിലാക്കി പ്രവർത്തിച്ചില്ലെങ്കിൽ വിദ്യാർത്ഥികൾ മറ്റ് രാജ്യങ്ങളെ ആശ്രയിക്കുന്ന അവസ്ഥയുണ്ടാകും. പാഠ്യപദ്ധതി പരിഷ്കരണവും മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ലേണിംഗ് ഡിസെബിലിറ്റി തിരിച്ചറിഞ്ഞുകൊണ്ട് ക്വാളിറ്റി വർദ്ധിപ്പിക്കാൻ

പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ സ്കൂളുകളിലും കൗൺസിലേഴ്സിനെ നിയമിക്കുകയും റഫറൻസ് സർവ്വീസിലൂടെ സൈക്യാട്രിസ്റ്റിന്റെ സേവനങ്ങൾ ഉപജില്ലാതലത്തിലെങ്കിലും ആഴ്ചയിലൊരിക്കൽ ലഭ്യമാക്കുകയും വേണം. ഡിജിറ്റൽ ഡീ-അഡിക്ഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ അഡ്രസ്സ് ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കണം. സാക്ഷരത മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രേരക്മാരുടെ തസ്തികയുടെ പേര് ലൈഫ് ലോംഗ് ലേണിംഗ് ഫെസിലിറ്റേറ്റർ അല്ലെങ്കിൽ കോ-ഓർഡിനേറ്റർ എന്നരീതിയിൽ മാറ്റുന്നതിനും അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചെങ്ങമനാട് പഞ്ചായത്തിലെ വെണ്ണിപ്പറമ്പ് നെടുവണ്ണൂർ പ്രദേശത്ത് ശക്തമായ മഴയും ചുഴലിക്കാറ്റുംമൂലം വീടുകൾക്കും കൃഷിയിടങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ)-ന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കാംകോയ്ക്ക് 30 കോടി രൂപ പ്രവർത്തനമൂലധനമായി അനുവദിക്കണം. നെല്ലിന്റെ താങ്ങുവിലയിൽ

കേന്ദ്രവിഹിതത്തിലുണ്ടായ വർദ്ധനവിനാനുപാതികമായി സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നതിനും ന്യായമായ സംഭരണവില കർഷകർക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. പ്ലസ് വൺ സീറ്റ് പ്രതിസന്ധിയുമായി ബന്ധപ്പെട്ട് സമരം ചെയ്ത സംഘടനാ പ്രതിനിധികൾക്കെതിരായ കേസ് പിൻവലിക്കണം. സ്കൂളിലെ പാചകത്തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. പ്രമോദ് നാരായൺ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിച്ച നടപടി അഭിനന്ദനീയമാണ്. പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന് സമഗ്ര നയം രൂപീകരിക്കണം. സ്കൂൾ മാനേജ്മെന്റ് സ്ട്രാറ്റജിയുടെ അടിസ്ഥാനത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള ടെക്നോളജി ഉപയോഗിച്ച് അധ്യാപകർക്ക് പരിശീലനം നൽകണം. Individual master plan തയ്യാറാക്കി വിദ്യാർത്ഥികളുടെ അഭിരുചികൾ കണ്ടെത്തി അവരെ മികച്ച സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുമായി ബന്ധിപ്പിക്കണം. നോളജ് വില്ലേജ് പദ്ധതിയുടെ ഭാഗമായി റാന്നിയിൽ സ്കിൽ ആൻഡ് ഇന്നവേഷൻ ഹബ് സ്ഥാപിക്കാൻ പിന്തുണ നൽകിയ സർക്കാരിന് നന്ദി അറിയിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കടം കിട്ടാത്തതിന്റെ പേരിൽ പരിതപിക്കുന്ന സർക്കാരാണിത്. പ്രൈമറി സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് കൂടുതൽ തുക അനുവദിക്കണം. മലബാർ മേഖലയിൽ പ്ലസ് വണ്ണിന് പുതിയ ബാച്ചുകൾ അനുവദിക്കുന്നതിനും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. നാല് വർഷ ബിരുദ കോഴ്സുകളുടെ സിലബസും ഇൻഫ്രാസ്ട്രക്ചറും സംബന്ധിച്ച് വ്യക്തത വരുത്താനും വിദ്യാർത്ഥി-വിദ്യാഭ്യാസ സ്ഥാപന അനുപാതത്തിലെ അസന്തുലിതാവസ്ഥ പരിഹരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. എം. മുകേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തെ തകർത്തുകൊണ്ട് എല്ലാം ഏകത്വത്തിൽ എന്ന പ്രതിലോമ നിലപാട് സ്വീകരിച്ചതിനുള്ള തിരിച്ചടിയാണ് ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. നേതൃത്വം ഏറ്റുവാങ്ങിയത്. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഭരണഘടനാ സാക്ഷരത കൈവരിക്കാനുള്ള പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശം അഭിനന്ദനാർഹമാണ്.

ശ്രീ. എ. പ്രഭാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നെൽകർഷകർക്ക് കുടിശ്ശികയുള്ള സംഭരണ വില കൊടുത്തുതീർക്കണം. ഖോ ഖോ, നീന്തൽ പോലുള്ള കായിക ഇനങ്ങളെ പ്രോത്സാഹിപ്പിക്കണം. അങ്കണവാടി ജീവനക്കാർക്ക് ക്ഷേമനിധി ആനുകൂല്യം നൽകാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീമതി ദെലീമ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങളെ ഹൈടെക്കാക്കി മാറ്റിയത് സ്വാഗതാർഹമാണ്. തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും കലാകാര പെൻഷൻ വർദ്ധിപ്പിക്കുന്നതിനും സർക്കാർ പരിപാടികളിൽ ഭിന്നശേഷി കലാകാരൻമാർക്ക് അവസരം നൽകുന്നതിനും നടപടി സ്വീകരിക്കണം. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭിന്നശേഷി സൗഹൃദ സ്റ്റേഡിയങ്ങളും റീഹാബിലിറ്റേഷൻ സെന്ററുകളും അനുവദിക്കണം.

ശ്രീ. സി. ആർ. മഹേഷ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംഗീത നാടക അക്കാദമിക്ക് കൂടുതൽ ഫണ്ടനുവദിക്കുന്നതിനും നാടകമത്സരങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും മത്സരത്തിൽ കൂടുതൽ നാടകങ്ങൾ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. നാടകരംഗത്തെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായി അവാർഡ്

ഏർപ്പെടുത്തണം. നൃത്തനാടകങ്ങൾക്ക് മത്സരവും അവാർഡും ഏർപ്പെടുത്തുന്നതിനും കലാകാര പെൻഷൻ കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. പത്താം ക്ലാസ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പാക്കണം.

ശ്രീ. പി. വി. ശ്രീനിജിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്ത് നിരവധി പദ്ധതികൾ നടപ്പാക്കിയതിന്റെ ഭാഗമായി സ്വകാര്യ മേഖലയിൽനിന്നും 10 ലക്ഷം കുട്ടികൾ ഈ രംഗത്തേയ്ക്ക് കടന്നുവരികയുണ്ടായി. സ്കൂൾ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനും ബഡ്ജറ്റിൽ കായിക വകുപ്പിന് മതിയായ തുക വകയിരുത്തി മെച്ചപ്പെട്ട കായിക സംസ്കാരം രൂപപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. വി. അൻവർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയെ മികച്ച നിലവാരത്തിൽ എത്തിക്കാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്.

സർക്കാർ ആശുപത്രികളെ മികച്ച നിലവാരത്തിൽ എത്തിച്ചതും സാമൂഹ്യ ക്ഷേമ പെൻഷൻ 1600/- രൂപയാക്കി വർദ്ധിപ്പിച്ചതും നാഷണൽ ഹൈവേ/ഗെയിൽ പൈപ്പ് ലൈൻ പദ്ധതികൾ യാഥാർത്ഥ്യമാക്കിയതും അഭിമാനാർഹമാണ്. ഓഖി, പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിൽ ജനങ്ങൾക്കേറെ ആശ്വാസം നൽകിയ സർക്കാരാണിത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി കാർഷികമേഖലയെ പരിപോഷിപ്പിക്കാനായത് പ്രശംസനീയമാണ്. കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ കല്ല് കെട്ടി ബലപ്പെടുത്തി മൂന്ന് മീറ്റർ ട്രാക്ടർ റോഡ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് പ്രതിപക്ഷം കേന്ദ്രത്തിൽ ഇടപെടൽ നടത്തണം. കുട്ടനാട്ടിലെ സ്കൂൾ ഗ്രൗണ്ടുകളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

<u>ഡോ. എം. കെ. മുനീർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. സ്കൂളുകളിൽ പ്രധാനാധ്യാപകരുടെ ഒഴിവുകൾ നികത്താനും ഹയർ സെക്കണ്ടറി അധ്യാപകരുടെ പൊതു

സ്ഥലംമാറ്റം നടപ്പാക്കാനും നടപടി സ്വീകരിക്കണം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നാല് വർഷ ബിരുദ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ സംവരണ സാധ്യതയില്ലാതാക്കുമെന്നതിനാൽ ആയത് പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. വാഴൂർ സോമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തോട്ടം തൊഴിലാളികളുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി ഉയർത്തിയതും പൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന ധനസഹായം അനുവദിച്ചതും പ്രശംസനീയമാണ്. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുനരുദ്ധരിക്കാൻ ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയതും ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. തോട്ടം ഉടമകളുടെ സഹകരണത്തോടെ ലയങ്ങളുടെ പുനരുദ്ധാരണം നടപ്പാക്കണം. ബോണക്കാട് എസ്റ്റേറ്റിലെ 42 ലയങ്ങളുടെ പുനരുദ്ധാരണത്തിനും പീരുമേട് താലൂക്കിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ പുതിയ ലയങ്ങൾ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണി ചെയ്യുന്നതിനുമായി സമർപ്പിച്ച റിപ്പോർട്ടുകൾ അംഗീകരിക്കണം. ഉടമകൾ ഉപേക്ഷിച്ചതും കാലങ്ങളായി തരിശ്ശായി കിടക്കുന്നതുമായ തോട്ടഭൂമി

സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാനാവശ്യമായ നിയമനിർമ്മാണം നടത്തണം. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ തോട്ടം മാനേജ്മെന്റിന്റെയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെയും യോഗം വിളിക്കണം. സ്കൂൾ പാചകത്തൊഴിലാളികൾക്ക് ശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്ത് നിലനിന്നിരുന്ന കാർഷിക നയങ്ങൾ അട്ടിമറിച്ച് കൊണ്ടുവന്ന പുത്തൻ സാമ്പത്തിക നയങ്ങളാണ് കാർഷികമേഖലയുടെ നട്ടെല്ലൊടിച്ചത്. മണ്ണ് പരിശോധനയും ശാസ്ത്രീയ വളപ്രയോഗവും നടത്തി നാളികേര ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ശാസ്ത്രീയ നാളികേര കൃഷി പ്രോത്സാഹിപ്പിക്കുകയും വിത്ത് നാളികേര മേഖലയെ സംരക്ഷിക്കുന്നതിന് സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയും താലൂക്കടിസ്ഥാനത്തിൽ മണ്ണ് പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യണം.

<u>ശ്രീ. സണ്ണി ജോസഫ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ അനാസ്ഥയും അവഗണനയും വാഗ്ദാന ലംഘനവും സമസ്ത മേഖലകളെയും ബാധിച്ചിരിക്കുകയാണ്. കടബാധ്യതയും വന്യമൃഗശല്യവും

കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന സാഹചര്യമാണുള്ളത്. പച്ചത്തേങ്ങാ സംഭരണം അവതാളത്തിലും വിലസ്ഥിരതാ ഫണ്ടിന്റെ പ്രയോജനം റബ്ബർ കർഷകർക്ക് ലഭിക്കാത്തതുമായ സ്ഥിതിയാണുള്ളത്. പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കണിച്ചാർ പഞ്ചായത്തിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കൈറ്റ്, എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., സ്കോൾ കേരള, വിദ്യാകിരണം മിഷൻ തുടങ്ങി വിവിധ പദ്ധതികൾ വിദ്യാഭ്യാസ വകുപ്പിൽ നടപ്പാക്കിവരുന്നുണ്ട്. ഊരൂട്ടമ്പലം ഗവൺമെന്റ് യു.പി.സ്കൂളിനെ അയ്യൻകാളി-പഞ്ചമി സ്മാരക ഗവൺമെന്റ് യു.പി. സ്കൂൾ എന്ന് നാമകരണം ചെയ്യുകയും അവിടെ 4.25 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് 973 സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി കിഫ്ബി വഴി 2595 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 488 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത് എൺപതിനായിരത്തോളം അധ്യാപകർക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലനം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ/എയ്ഡഡ് മേഖലകളിലായി 30564

അധ്യാപകരെ നിയമിച്ചിട്ടുണ്ട്. സ്കൂളുകൾ ആധുനികവൽക്കരിക്കുന്നതിനും അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികൾ തയ്യാറാക്കാനും ആദ്യഘട്ടമായി എല്ലാ ജില്ലകളിലെയും ഓരോ സ്കൂളിനെ മോഡൽ സ്കൂളായി ഉയർത്താനും പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്താനും ആറുമാസത്തിലൊരിക്കൽ അധ്യാപകർക്ക് റസിഡൻഷ്യൽ പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ഗാർഹികത്തൊഴിലാളികളുടെ ജോലി സുരക്ഷയും ആനുകൂല്യങ്ങളും ഉറപ്പുവരുത്താനുമുള്ള നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്. ചുമട്ടുതൊഴിലാളികൾക്കായി 'നവശക്തി' എന്ന പേരിൽ ഒരു പരിശീലനപരിപാടി ആരംഭിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിലെ 16 ക്ഷേമനിധി ബോർഡുകൾ വഴി 2764.37 കോടി രൂപയുടെ ആനുകൂല്യങ്ങൾ ഇക്കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിൽ മിനിമം വേതനം ഉറപ്പാക്കാനുള്ള ഇൻകം സപ്പോർട്ട് സ്കീമിനായി 90 കോടി രൂപ വകയിരുത്തുകയും അതിഥി തൊഴിലാളികൾക്കായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിലെ

പാചകത്തൊഴിലാളികൾക്ക് ഓണറേറിയം നൽകിയതോടൊപ്പം അവധിക്കാല സമാശ്വാസം വിതരണം ചെയ്യുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): വിദ്യാർത്ഥികളുടെ പ്രവേശനാനുപാതം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതുതായി 36 കോളേജുകളും 900 ബിരുദ പ്രോഗ്രാമുകളും 204 ബിരുദാനന്തര പ്രോഗ്രാമുകളും സർവ്വകലാശാല കേന്ദ്രങ്ങളിൽ പ്രോജക്ട് മോഡ് കോഴ്സുകളും അനുവദിച്ചിട്ടുണ്ട്. കിഫ്ബി, റൂസ, പ്ലാൻ ഫണ്ട് വിഹിതം എന്നിവയിലൂടെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായുള്ള വ്യത്യസ്ത പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പരിഷ്കാരങ്ങളെ സംബന്ധിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷനുകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കിവരികയാണ്. സംസ്ഥാനത്തെ 247 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ NAAC-ന്റെ അക്രെഡിറ്റേഷൻ കരസ്ഥമാക്കിയിട്ടുണ്ട്. രാജ്യത്തെ ഏറ്റവും മികച്ച 21% ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും കേരളത്തിലാണ്. കേരളത്തിലെ ആറ് സർക്കാർ പോളിടെക്നിക്കുകളിലെയും

എഞ്ചിനീയറിംഗ് കോളേജുകളിലെയും വിവിധ പഠന വകുപ്പുകൾക്ക് എൻ.ബി.എ. അക്രഡിറ്റേഷൻ റാങ്ക് കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്. 2024-25 അക്കാദമിക് വർഷത്തേയ്ക്കുള്ള ഏകീകൃത അക്കാദമിക് കലണ്ടർ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ബിരുദ വിദ്യാഭ്യാസം സമഗ്രമായി പരിഷ്കരിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് കരിക്കുലം രൂപീകരിച്ചതിനുപുറമെ അദ്ധ്യാപക-അനധ്യാപകർക്ക് ആവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. ചീഫ് മിനിസ്റ്റേഴ്സ് നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾക്കായി 148 ഗവേഷകരെ തെരഞ്ഞെടുത്തിട്ടുണ്ട്. അഡ്മിനിസ്ട്രേഷനും അക്കാദമിക് പ്രവർത്തനങ്ങൾക്കുമായി 'കെ-റീപ്പ്' സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതാണ്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആസ്ഥാനമന്ദിരമായ ഉന്നതവിദ്യാഭവന്റെ നിർമ്മാണ പ്രവൃത്തി Kerala State Science and Technology Museum ക്യാമ്പസിൽ ആരംഭിക്കുന്നതാണ്. ERUDITE Scholar-in-Residence programme & BRAIN GAIN പദ്ധതി നടപ്പിലാക്കുന്നുണ്ട്. സർവ്വകലാശാലകളിൽ ട്രാൻസ്‌ലേഷണൽ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേരള

സർവ്വകലാശാലയിൽ ദ ഇന്റർ യൂണിവേഴ്സിറ്റീസ് സെന്റർ ഫോർ ആസ്ട്രോണമി ആൻഡ് ആസ്ട്രോ ഫിസിക്സ് എന്ന പേരിൽ പഠന കേന്ദ്രം ആരംഭിക്കുന്നതാണ്. എം.ജി. സർവ്വകലാശാലയിൽ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി ഗവേഷണത്തിന് മികവിന്റെ കേന്ദ്രത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ദ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോ ഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത് സ്ഥാപിച്ചിട്ടുണ്ട്. വിളപ്പിൽശാലയിൽ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയോട് ചേർന്ന് തിരുവനന്തപുരം എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി പാർക്ക്, കേരള സർവ്വകലാശാലയിൽ Centre for Regenerative Medicine and Stem Cell Research എന്നിവ സ്ഥാപിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം പദ്ധതി മുഖാന്തരം 2000 വിദ്യാർത്ഥികൾക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ സ്കോളർഷിപ്പ് നൽകുന്നുണ്ട്. വിശപ്പ് രഹിത ക്യാമ്പസ് പദ്ധതി വിജയകരമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പഠനത്തോടൊപ്പം തൊഴിൽ ആഭിമുഖ്യം വളർത്തുന്നതിനുമായി വിവിധ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

Industry on Campus പദ്ധതിയുടെ ഭാഗമായി മിനി ഫാബ് ലാബുകളും ഉത്പാദന പരിശീലന കേന്ദ്രങ്ങളും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി 'She' പദ്ധതി നടപ്പിലാക്കുന്നുണ്ട്. എഞ്ചിനീയറിംഗ് പഠന രംഗത്ത് ഇന്നവേഷൻ, പേറ്റന്റ്, സാങ്കേതിക കൈമാറ്റം, ഗവേഷണ പിന്തുണ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് Kerala Transforming Engineering Education for Knowledge Economy പദ്ധതി നടപ്പിലാക്കുന്നുണ്ട്. വൈദ്യുതി വാഹനങ്ങൾക്കുള്ള തദ്ദേശീയ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് ഇ-മൊബിലിറ്റിയുടെ മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതാണ്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് റോബോട്ടിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ട് മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുന്നുണ്ട്. വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിൽ ഐ.എച്ച്.ആർ.ഡി.-യുടെ ആദ്യത്തെ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. എൽ.ബി.എസ്. വനിതാ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിനികൾ നിർമ്മിച്ച വി-സാറ്റ് ഉപഗ്രഹത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ASAP മുഖാന്തരം 140 സ്കിൽ കോഴ്സുകളിൽ മികച്ച പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ട്. 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ

സ്കിൽ എൻഹാൻസ്മെന്റുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നുണ്ട്. ബാർ കൗൺസിലിന്റെ എൻ.ഒ.സി. ലഭ്യമാകുന്നമുറയ്ക്ക് സ്വാശ്രയ മേഖലയിൽ ലാ കോളേജുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്. ദേശീയ വിദ്യാഭ്യാസ നയത്തിൽ പ്രതിരോധം സൃഷ്ടിച്ച് ഗുണപരമായ അംശങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കേരളത്തിൽ കായികരംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജില്ലാ ആസ്ഥാനങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുവരികയാണ്. പഞ്ചായത്തുകളിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടും സംസ്ഥാന സർക്കാർ വിഹിതവും ചേർത്തുകൊണ്ട് 140 കളിക്കളങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ജി.വി. രാജ സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാനതല കായിക വികസനം ലക്ഷ്യമിട്ട് ആരംഭിച്ച പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾക്ക് കൂടുതൽ ഫണ്ട് അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

യൂണിവേഴ്സിറ്റിതലങ്ങളിൽ കായിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി ലീഗ് മത്സരങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്പോർട്സ് എക്കോണമി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച കായിക ഉച്ചകോടിയിലൂടെ 5000 കോടി രൂപയുടെ നിക്ഷേപം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ബി.സി.സി.ഐ.യുടെ നേതൃത്വത്തിൽ ആലുവയിൽ സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. രാജ്യത്താദ്യമായി സ്പോർട്സ് ഇക്കോണമി മിഷൻ ആരംഭിക്കുന്ന സംസ്ഥാനം കേരളമാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പതിനായിരത്തിലധികം തൊഴിലവസരങ്ങൾ കായിക മേഖലയിൽ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പുതിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതുതലമുറയ്ക്ക് കായിക വിദ്യാഭ്യാസം നൽകാനും കായിക പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. 'എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം' എന്ന ലക്ഷ്യത്തോടെ വകുപ്പ് മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കലാകാര പെൻഷൻ കുടിശ്ശികയില്ലാതെ നിലവിൽ 1600 രൂപവീതം നൽകുന്നുണ്ട്. സംഗീത നാടക അക്കാദമി മൂന്ന് ഫെലോഷിപ്പുകളും സംഗീത രംഗത്ത് ദേശീയ പുരസ്കാരമായ സ്വാതി പുരസ്കാരവും നാടകത്തിലെ സമഗ്രസംഭാവനയ്ക്ക് എസ്. എൽ. പുരം സദാനന്ദൻ പുരസ്കാരവും സംസ്ഥാന സർക്കാർ പുരസ്കാരവും നൽകുന്നുണ്ട്. നാടക കലാകാരന്മാരെ സഹായിക്കാനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കായംകുളം മണ്ഡലത്തിൽ തോപ്പിൽ ഭാസിയുടെ നാമധേയത്തിൽ സ്ഥിരം നാടകവേദി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭിന്നശേഷി കലാകാരന്മാരുടെ കലാവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന് അവസരങ്ങൾ നൽകുന്നുണ്ട്. ബുക്ക് മാർക്കിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് രണ്ട് വായന പഠന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. വാസ്തുവിദ്യാ ഗുരുകുലത്തെ ലോകപ്രസിദ്ധ സ്ഥാപനമായി വളർത്താനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫോക്‌ലോർ അക്കാദമിയുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 150 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നുണ്ട്. നവോത്ഥാന സന്ദേശങ്ങളുടെ ഭാഗമായുള്ള സർവ്വമത

സമ്മേളനങ്ങൾ എല്ലാ ജില്ലകളിലും നടത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദിവാസി മേഖലയിൽ ഗോത്രോത്സവങ്ങൾ സംഘടിപ്പിക്കുകയും ഭിന്നശേഷി വിഭാഗത്തിലെ കലാപ്രതിഭകൾക്കുവേണ്ടി 'മഴമിഴി' പദ്ധതിയുൾപ്പെടെ നിരവധി പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ തീരദേശമേഖലകളിൽ കടലോര കലകളുടെ സമഗ്രോത്സവം പദ്ധതി നടപ്പാക്കുന്നുണ്ട്. പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ കലാപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. രാജ്യത്ത് സർക്കാർ ഉടമസ്ഥതയിൽ 'സീ സ്പേസ്' എന്നപേരിൽ OTT പ്ലാറ്റ്ഫോം കൊണ്ടുവന്നത് കേരളമാണെന്നത് അഭിമാനകരമാണ്. ശ്രീനാരായണഗുരുവിന്റെ നാമധേയത്തിലുള്ള കൊല്ലത്തെ സാംസ്കാരിക സമുച്ചയം ഉദ്ഘാടനം ചെയ്യുകയും മറ്റ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. സമസ്ത മേഖലകളെയും സ്പർശിക്കുന്ന കലാ പ്രവർത്തനങ്ങൾക്കാണ് വകുപ്പ് പ്രാധാന്യം നൽകുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): താളിയോല ഗ്രന്ഥങ്ങളെക്കുറിച്ച് ശാസ്ത്രീയ

പഠന ഗവേഷണങ്ങൾ നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആർക്കൈവ്സ് സ്റ്റഡീസ് ആൻഡ് റിസർച്ച് സെന്റർ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതാണ്. എല്ലാ മ്യൂസിയങ്ങളും അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിച്ചുവരുന്നുണ്ട്. കഥ പറയുന്ന മ്യൂസിയങ്ങൾ സ്ഥാപിക്കാനും അതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് കമ്മീഷനെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കാർഷികമേഖലയിൽ വലിയ മുന്നേറ്റങ്ങൾ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഉല്പാദനം കൂടാതെ സംസ്കരണത്തിനും മൂല്യവർദ്ധനവിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൃഷിയിൽനിന്ന് പിന്തിരിയുന്ന കർഷകരെ കൂടുതലായി കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി 'വിഷൻ 2026' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രധാന കാർഷികവിളകളുടെ ഉല്പാദന വർദ്ധനവിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ 269 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നെല്ലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും 232 കേര ഗ്രാമങ്ങൾ

സൃഷ്ടിക്കാനും 33486 ഹെക്ടർ സ്ഥലത്ത് നാളികേര കൃഷി നടത്താനും ഒരു ഹെക്ടറിൽനിന്ന് 10739 നാളികേരം ഉൽപ്പാദിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ നാളികേര സംഭരണശാലകൾ ആരംഭിക്കാൻ സർക്കാർ സന്നദ്ധമാണ്. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലും പച്ചക്കറി വികസന പദ്ധതിക്ക് 21.48 കോടി രൂപ അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ശീതകാല പച്ചക്കറികളുടെ പ്രധാന കേന്ദ്രമായ ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ മേഖലകളിലെ കർഷകരിൽനിന്നും നേരിട്ട് പച്ചക്കറികൾ സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പച്ചക്കറികളുടെ സംഭരണവില യഥാസമയം നൽകുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതാണ്. അട്ടപ്പാടി കേന്ദ്രീകരിച്ച് 940 ഹെക്ടർ സ്ഥലത്ത് മില്ലെറ്റ് കൃഷി വിജയകരമായി നടപ്പിലാക്കിവരുന്നു. ഈ വർഷംതന്നെ എല്ലാ ജില്ലകളിലും മില്ലെറ്റ് കഫേകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ 21,520 ഫാം പ്ലാനുകൾ രൂപീകൃതമായതിന്റെ അടിസ്ഥാനത്തിൽ 100 എഫ്.പി.ഒ.-കൾ കൂടി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സ്മാർട്ട് കൃഷി ഭവനുകൾ ആരംഭിച്ചിട്ടുണ്ട്. കർഷകർക്ക് ഐ.ടി. അധിഷ്ഠിത സേവനങ്ങൾ

നൽകുന്നതിനായി കൃഷി വകുപ്പിൽ നിലവിലുള്ള സോഫ്റ്റ്വെയറുകൾ സംയോജിപ്പിച്ച് 'കതിർ' എന്ന സോഫ്റ്റ്വെയറും മൊബൈൽ ആപ്പും ജൂലൈ മാസത്തിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതാണ്. SMAM പദ്ധതി മുഖേന വ്യക്തിഗത ഗുണഭോക്താക്കൾക്കും ഗ്രൂപ്പുകൾക്കും ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ട്. അഞ്ചലിലെ ഏരൂരിൽ ക്ലീൺ ഗ്രാമം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടക്കുകയാണ്. 100 ക്ലീൺ ഗ്രാമങ്ങൾ യാഥാർത്ഥ്യമാകുന്നതോടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലേയ്ക്ക് എത്തിക്കാൻ കഴിയും. അട്ടപ്പാടിയിലും വടകരപ്പതിയിലും ഉല്പാദിപ്പിക്കുന്ന തക്കാളി മികച്ച വില നൽകി സംഭരിച്ച് വിലക്കയറ്റം കൂടുതലായി അനുഭവിക്കുന്ന ജില്ലകളിൽ വിതരണം ചെയ്യുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി പച്ചക്കറികൾ നേരിട്ട് വിപണനം നടത്താനുമുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ആയിരം മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി കേരള അഗ്രോ എന്ന ബ്രാൻഡ്നെയിമിൽ വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരള അഗ്രോ ബ്രാൻഡ് ഷോപ്പുകൾ പ്രത്യേകമായി ആരംഭിക്കുന്നതാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ബന്ധപ്പെട്ട് 840 കർഷകർക്ക് ട്രെയിനിംഗ് നൽകിയിട്ടുമുണ്ട്. കർഷക സേവന കേന്ദ്രങ്ങൾ ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്. കൃഷിവകുപ്പ് നടപ്പിലാക്കുന്ന കാര്യങ്ങൾ

പൊതുജനങ്ങൾക്കുകൂടി വിലയിരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. വനമേഖലയോട് ചേർന്ന പ്രദേശങ്ങളിലെ വന്യമൃഗശല്യം ഒഴിവാക്കുന്നതിനുള്ള പദ്ധതികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാല 14 സാങ്കേതികവിദ്യകൾ വികസിപ്പിച്ച് കൈമാറുകയും നിരവധി പേറ്റന്റുകൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. പഴവർഗ്ഗങ്ങളിൽനിന്ന് വൈൻ ഉല്പാദിപ്പിക്കുന്നതിന് സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയും എക്സൈസ് വകുപ്പിൽനിന്ന് ലൈസൻസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുകയെന്ന ലക്ഷ്യത്തോടെ 'കൃഷി സമൃദ്ധി' പരിപാടിയും നടപ്പിലാക്കാൻ കഴിഞ്ഞു. സമഗ്ര ജനകീയ പച്ചക്കറി കൃഷി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തികവർഷം റബ്ബറിന് പ്രൊഡക്ഷൻ ഇൻസെന്റീവായി 180 കോടിയോളം രൂപ നൽകാൻ സാധിച്ചിട്ടുണ്ട്. ആലുവയിലെ ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾക്കനുസരിച്ചുള്ള നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. പല നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ വിവിധ കാർഷിക പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. കാർഷികമേഖലയുടെ

ഉന്നമനത്തിനായി എല്ലാ അംഗങ്ങളുടെയും പിന്തുണയും സഹകരണവും അനിവാര്യമാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും 26-നെതിരെ 80 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 6.42-ന് പിരിഞ്ഞു.

*********